"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 - തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 24-03-2025-ലെ 2(1), 28-03-2025-ലെ 1(1) എന്നീ തീരുമാനങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന സ്റ്റേ നീക്കം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1489/2026/LSGD    തീയതി, തിരുവനന്തപുരം, 10-08-2026

---

പരാമർശം:- 1. ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 24.03.2025-ലെ തീരുമാനം നം. 2(1)

2. ചൂണ്ടൽ ഗ്രാമ പഞ്ചായത്തിന്റെ 28.03.2025 ലെ തീരുമാനം നം. 1(1)
3. ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03-04-2025-ലെ SC2-923/2025 നമ്പർ കത്ത്

4 07-05-2025-ലെ സ.ഉ (സാധാ)നം. 1130/2025/LSGD

5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന്റെ റഫറൻസ് നം. 09/25-ലെ 16-03-2026 ലെ റിപ്പോർട്ട്.

**ഉത്തരവ്**

ബഹു. കേരള ഹൈക്കോടതിയുടെ WP(C) 28364/2023 നമ്പർ കേസിലെ 11/09/2023-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ചൂണ്ടൽ വില്ലേജിൽ ഉൾപ്പെട്ട ശ്രീ. കെ.കെ സുനിൽ എന്നയാളുടെ ഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ 20/02/2025-ൽ പുറപ്പെടുവിച്ച RDOTSR/2145/2023-B6 ഉത്തരവ് നടപ്പാക്കിയാൽ പ്രസ്തുത പ്രദേശത്ത് പ്രളയസമാനമായ അവസ്ഥയ്ക്ക് കാരണമാകുമെന്നും ചൂണ്ടൽ, പാറന്നൂർ മേഖലയിലെ ജനവാസത്തിനും സംസ്ഥാനപാതയിലൂടെയുള്ള പൊതുഗതാഗതത്തിനും പാടശേഖരങ്ങളിലെ നെൽകൃഷിക്കും വൻതോതിൽ ഭീഷണി ഉയർത്തുമെന്നും വിലയിരുത്തി പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നതിനായി ബഹു ഹൈക്കോടതിയിൽ കേസ് നൽകുന്നതിന് ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നുവെന്നും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം ഡേറ്റാ ബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി അപ്രകാരമുള്ള ഭൂമിയല്ലെന്ന് റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവിടുന്ന പക്ഷം ആയത് ഡേറ്റാ ബാങ്കിൽ നിന്ന് നീക്കം ചെയ്യപ്പെട്ടതായി

കരുതപ്പെടുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഈ കേസിൽ കക്ഷിയല്ലാത്തതിനാലും ടി ആക്ട് പ്രകാരം സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ പ്രാദേശിക സർക്കാരായ ചൂണ്ടൽ ഗ്രാമപഞ്ചായത്ത് നിയമനടപടി സ്വീകരിക്കുന്നത് ഉചിതമല്ലാത്തതിനാലും പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് ഭരണസമിതിയോട് ആവശ്യപ്പെട്ടുവെങ്കിലും തീരുമാനമെടുത്ത സാഹചര്യത്തിൽ മാറ്റമൊന്നും വരാത്തതിനാൽ പുനഃപരിശോധിക്കേണ്ടതില്ലെന്ന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയുണ്ടായെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

2) തുടർന്ന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട ആക്ട് പ്രകാരം ഡേറ്റാ ബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി ഡേറ്റ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസറെ അധികാരപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.03.2025-ലെ 2(1), 28.03.2025-ലെ 1(1) നമ്പർ തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പരാമർശം (4) പ്രകാരം സ്റ്റേ ചെയ്യും സെക്ഷൻ 191(2) പ്രകാരം പ്രസ്തുത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യും ഉത്തരവയിരുന്നു.

3) പ്രസ്തുത റഫറൻസിന് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിന്റെ സെക്ഷൻ 27A പ്രകാരമാണ് ചൂണ്ടൽ വില്ലേജിലെ കൃഷിഭൂമി കൃഷിയേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ ആർ.ഡി.ഒ അനുമതി നൽകിയതെന്നും ഇത്തരം ഉത്തരവുകൾക്കെതിരെ 30 ദിവസത്തിനുള്ളിൽ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാൻ വ്യവസ്ഥയുണ്ടെന്നും അഗ്രികൾച്ചറൽ ഓഫീസറുടെയും പ്രാദേശിക നിരീക്ഷണ സമിതിയുടെയും ശിപാർശയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് കമ്മിറ്റി അപ്പീൽ നൽകുന്നതിന് തീരുമാനമെടുത്തതെന്നും ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തങ്ങളുടെ അധികാരപരിധിയിലുള്ള പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാൻ പഞ്ചായത്ത് കമ്മിറ്റി ബാധ്യസ്ഥരാണെന്നും കൃഷിഭൂമി തരംമാറ്റിയാൽ വെള്ളപ്പൊക്കമുണ്ടാകുമെന്ന് പഞ്ചായത്തും അഗ്രികൾച്ചറൽ ഓഫീസറും കരുതുന്നുവെന്നും അതിനാൽ, നിയമം അനുവദിക്കുന്ന രീതിയിലുള്ള പരിഹാരത്തിനായി ഹൈക്കോടതിയെ സമീപിക്കാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ, നിയമവിരുദ്ധമായോ ക്രമവിരുദ്ധമായോ ഒന്നുമില്ലെന്നും ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേസസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന്റെ റിപ്പോർട്ട് അംഗീകരിച്ച്, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.03.2025-ലെ 2(1), 28.03.2025-ലെ 1(1) നമ്പർ തീരുമാനങ്ങൾക്ക് പരാമർശം (4) പ്രകാരം ഏർപ്പെടുത്തിയിരുന്ന സ്റ്റേ നീക്കം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**R K SHIBI**

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ

പ്രസിഡന്റ്, ചൂണ്ടൽ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല

സെക്രട്ടറി, ചൂണ്ടൽ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Reese. V. A
Date: 11-08-2026
10:40:27

സെക്ഷൻ ഓഫീസർ